**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - 2012-13 വർഷത്തെ മികച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ തെരഞ്ഞെടുത്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇ.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 432/2014/തസ്വഭവ തിരുവനന്തപുരം, തീയതി, 15.02.2014.

---

പരാമർശം:- 1. സ.ഉ.(സാധാ) നം. 164/2014/തസ്വഭവ തീയതി 20.01.2014.

2. സ.ഉ.(സാധാ) നം. 355/2014/തസ്വഭവ തീയതി 07.02.2014.

3. പഞ്ചായത്ത് ഡയറക്ടറുടെ 13.02.2014-ലെ ജി2-33800/13/ ... ... നമ്പർ കത്ത്.

**ഉത്തരവ്**

2012-13 പദ്ധതി വർഷത്തെ മികച്ച പ്രവർത്തനം കാഴ്ചവെച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ച് പരാമർശം ഒന്ന്, രണ്ട് പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 2012-13 വർഷത്തെ മികച്ച ജില്ലാ പഞ്ചായത്ത്, ഗ്രാമപഞ്ചായത്തുകളുടെ വിവരങ്ങൾ പഞ്ചായത്ത് ഡയറക്ടർ സർക്കാരിന് സമർപ്പിക്കുകയുണ്ടായി. കൂടാതെ നിലവിൽ സംസ്ഥാനതലത്തിൽ മികച്ച ഗ്രാമപഞ്ചായത്തിനുള്ള ഒന്നാം സ്ഥാനം മാത്രമാണ് നൽകി വരുന്നതെന്നും സംസ്ഥാനതലത്തിൽ രണ്ടും മൂന്നും സ്ഥാനം കൂടി അനുവദിക്കുന്നത് അഭികാമ്യമായിരിക്കുമെന്നും സംസ്ഥാനതലത്തിൽ രണ്ടാം സ്ഥാനം ലഭിക്കുന്ന ഗ്രാമപഞ്ചായത്തിന് 20 ലക്ഷം രൂപയും മൂന്നാം സ്ഥാനത്തിന് 15 ലക്ഷം രൂപയും അനുവദിക്കുന്നത് ഉചിതമായിരിക്കുമെന്നും പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും നിലവിൽ മികച്ച ഗ്രാമപഞ്ചായത്തുകൾക്ക് സംസ്ഥാനതലത്തിൽ നൽകിവരുന്ന ഒന്നാം സ്ഥാനത്തിന് പുറമേ രണ്ടും മൂന്നും സ്ഥാനങ്ങൾ കൂടി 2012-13 വർഷം മുതൽ നൽകുവാനും സംസ്ഥാനതലത്തിൽ ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ നേടുന്ന ഗ്രാമപഞ്ചായത്തുകൾക്ക് 25 ലക്ഷം, 20 ലക്ഷം, 15 ലക്ഷം എന്നീ ക്രമത്തിൽ പ്രത്യേക പദ്ധതി ധനസഹായമായി നൽകുവാനും അനുമതി നൽകി ഉത്തരവാകുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ 2012-13 വർഷത്തെ അവാർഡിനായി തെരഞ്ഞെടുത്തു കൊണ്ട് ഉത്തരവാകുന്നു.

**ജില്ലാ പഞ്ചായത്ത്:** ജില്ലാ പഞ്ചായത്തുകളിൽ ലഭിച്ച അപേക്ഷകൾ ഒന്നും തന്നെ സൂചന ഉത്തരവുകൾ പ്രകാരമുള്ള അർഹതാമാനദണ്ഡങ്ങൾ പാലിച്ചിട്ടില്ലാത്തതിനാൽ അവാർഡിനായി പരിഗണിച്ചിട്ടില്ല.

**ഗ്രാമ പഞ്ചായത്ത് (സംസ്ഥാന തലം):**

ഒന്നാം സ്ഥാനം : കവിയൂർ ഗ്രാമപഞ്ചായത്ത് (പത്തനംതിട്ട)

രണ്ടാം സ്ഥാനം : ചെമ്പിലോട് ഗ്രാമപഞ്ചായത്ത് (കണ്ണൂർ)

മൂന്നാം സ്ഥാനം : നാദാപുരം ഗ്രാമപഞ്ചായത്ത് (കോഴിക്കോട്)

**ഗ്രാമ പഞ്ചായത്ത് (ജില്ലാ തലം):**

| ക്രമനമ്പർ | ജില്ല | ഒന്നാം സ്ഥാനം | രണ്ടാം സ്ഥാനം |
|---|---|---|---|
| 1 | തിരുവനന്തപുരം | ഇലകമൺ | പെരുങ്കടവിള |
| 2 | കൊല്ലം | കുലശേഖരപുരം | -- |
| 3 | ആലപ്പുഴ | കൃഷ്ണപുരം | വീയപുരം |
| 4 | കോട്ടയം | മരങ്ങാട്ടുപിള്ളി | കറൂർ |
| 5 | ഇടുക്കി | ഇരട്ടയാർ | -- |
| 6 | എറണാകുളം | മണീട് | -- |
| 7 | തൃശ്ശൂർ | ഏങ്ങണ്ടിയൂർ | അടാട്ട് |
| 8 | പാലക്കാട് | ശ്രീകൃഷ്ണപുരം | തിരുവേഗപ്പുറ |
| 9 | മലപ്പുറം | പുലാമന്തോൾ | -- |
| 10 | കോഴിക്കോട് | കായണ്ണ | ബാലുശ്ശേരി |

ജില്ലാ തലത്തിൽ ഒന്നാം സ്ഥാനം നേടിയ ഗ്രാമപഞ്ചായത്തുകൾക്ക് 10 ലക്ഷം രൂപ വീതവും രണ്ടാം സ്ഥാനം നേടിയ ഗ്രാമപഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപ വീതവും പ്രത്യേക പദ്ധതി ധനസഹായമായി ലഭിക്കുന്നതാണ്.

ഈ ഇനത്തിലുള്ള ചെലവുകൾ ഇതിലേക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 3604-00-200-91-(05) ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

എം.ഷാഹുൽ ഹമീദ്,
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ